ശ്രീ. എം. കെ. കൃഷ്ണൻ : അന്വേഷണ ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. അന്വേഷണത്തിനാവശ്യമായ നോട്ടിഫിക്കേഷൻ ഉണ്ടായിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. മറ്റെല്ലാം കമ്മീഷൻ തീരുമാനിക്കേണ്ട കാര്യങ്ങളാണു്.

ശ്രീ. കെ. ഐ. രാജൻ : കേന്ദ്ര നിയമവകുപ്പു മന്ത്രി ഈ സന്ദർഭത്തിൽ അവിടെ ക്യാമ്പു ചെയ്തിരുന്നുവെന്നും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഇങ്ങനെയൊരു സാഹചര്യം സൃഷ്ടിക്കാൻ സഹായകമായിരുന്നുവെന്നും കേൾക്കുന്നതു് ശരിയാണോ ?

ശ്രീ. എം. കെ. കൃഷ്ണൻ : നാലാം തീയതി അദ്ദേഹം അവിടെയുണ്ടായിരുന്നു. പക്ഷേ വെടിവയ്പ്പു് നടന്നതു് ആറാംതീയതിയായിരുന്നു.

പിരിച്ചുവിടപ്പെട്ട എസ്. എ. പി. ക്കാരുടെ പുനർനിയമനം

* 195 [712] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, എ. എസ്സ്. എൻ. നമ്പീശൻ:
,, ഇ. പി. കൃഷ്ണൻ നമ്പ്യാർ:
,, സി. ബി. ചന്ദ്രശേഖര വാര്യർ:
,, ടി. എം. മീതിയൻ:
,, എ. വി. ആര്യൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, എൻ. വാസുദേവൻപിള്ള:
,, ടി. കെ. കൃഷ്ണൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) പിരിച്ചുവിടപ്പെട്ട എസ്. എ. പി. ക്കാരുടെ പുനർനിയമനം സംബന്ധിച്ചു് ഗവണ്മെന്റു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇവരുടെ പുനർ നിയമനത്തിന്റെ സ്വഭാവം എന്തെന്നു വിശദമാക്കുമോ ;

(സി) ഇതിനകം പുനർനിയമനത്തിനു് അർഹരായിട്ടുള്ളവർ എത്ര ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ) :

(എ) ഉണ്ടു്.

(ബി) പോലീസു് ഡിപ്പാർട്ടുമെന്റിൽ പുനർ നിയമനത്തിനു് അയോഗ്യരെന്നു പ്രഖ്യാപിക്കപ്പെട്ടു് പിരിച്ചുവിട്ട 237 എസ്. എ. പി. ക്കാരെ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ ലാസ്റ്റ് ഗ്രേഡു് സ്റ്റീസിലുണ്ടാകുന്ന 50 ശതമാനം ഒഴിവുകളിലേക്കു് നിയമിക്കുവാൻ ഗവണ്മെന്റു് കല്പനയായിട്ടുണ്ടു്.

(സി) 237 പേർ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ബാക്കിയുള്ള ആളുകളുടെ നിയമനം എന്നേക്കു പൂർത്തിയാകുമെന്നു പറയാൻ കഴിയുമോ ; അതുപോലെ അവരെ നിയമിക്കുമ്പോൾ അവരുടെ പൂർവ്വകാലസർവ്വീസു് കൂടി പരിഗണിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ബാക്കിയുള്ള ആളുകളുടെ കാര്യത്തിൽ ഡിസിപ്ലിനറി നടപടികളും നടന്നുകൊണ്ടിരിക്കുകയാണു്. അതു പൂർത്തിയാകാതെ എന്നേക്കു നിയമിക്കുവാൻ കഴിയുമെന്നു പറയാൻ നിവൃത്തിയില്ല. പൂർവ്വകാല സേവനത്തിന്റെ പ്രശ്നം പിന്നെ പരിശോധിക്കുന്നതാണു്;

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ : ഇവരുടെ പുനർനിയമനം എന്നേയ്ക്കു പൂർത്തിയാകുമെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ : ഇവരെ നിയമിക്കുന്നതിനു് ഗവണ്മെൻറു് ഉത്തരവു പാസ്സാക്കിയിട്ടുണ്ടു്. വിവിധ ഡിപ്പാർട്ടുമെൻറുകളാണു് നിയമിക്കേണ്ടതു്. വിവിധ ഡിപ്പാർട്ടുമെൻറധ്യക്ഷന്മാർ ഇവരെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതോടുകൂടി നിയമനം പൂർത്തിയാകുന്നതാണു്.

ശ്രീ. ടി. എം. മീതിയൻ : നിയമിക്കുവാൻ ബാക്കിയുള്ള ആളുകളെ നിയമിക്കുന്നതിനായി അവരുടെ സീനിയോറിട്ടി ലിസ്റ്റു് തയ്യാറാക്കിയിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ഇപ്പോഴത്തന്നെ സീനിയോറിട്ടി ലിസ്റ്റു് ഉണ്ടു്. അതനുസരിച്ചാണു് നിയമനം നടത്തുന്നതു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : എത്ര പേരെ നിയമിച്ചു കഴിഞ്ഞു എന്നു പറയാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : 130 പരെ ഒഴിച്ചു് ബാക്കിയുള്ള ആളുകളെയെല്ലാം നിയമിച്ചിട്ടുണ്ടു്. ഈ 130 പേരെയും നിയമിക്കുവാനാണു് ഇപ്പോഴും ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു്.

ശ്രീ. എ. വി. ആര്യൻ : ഉയർന്ന പരീക്ഷായോഗ്യതയുള്ള ആളുകളെ ആ നിലവാരത്തിലുള്ള ഉദ്യോഗങ്ങളിൽ എടുക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ : എല്ലാ ശ്രമങ്ങളും നടത്തിയതിനുശേഷമാണു് ലാസ്റ്റു് ഗ്രേഡു് സർവൻറു് ആയി എടുക്കാൻ തീരുമാനിച്ചിട്ടുള്ളതു്.

ശ്രീ. എ. വി. ആര്യൻ : ഉയർന്ന യോഗ്യതയുള്ള ആളുകൾക്കു് ഉയർന്ന നിലവാരത്തിലുള്ള ഉദ്യോഗം കൊടുത്തിട്ടുണ്ടോ എന്നാണു ഞാൻ ചോദിച്ചതു്.

ശ്രീ. എം. കെ. കൃഷ്ണൻ : ബാക്കിയുണ്ടായിരുന്ന ആളുകളെ ലാസ്റ്റു ഗ്രേഡു് സർവൻറു്സു് ആയിഎടുക്കാമെന്നുള്ള വ്യവസ്ഥയിലാണു് ഒത്തുതീർപ്പു് ഉണ്ടായിട്ടുള്ളതു്. അതനുസരിച്ചുള്ള നടപടികളും പൂർത്തീകരിച്ചിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു് : അതിർത്തിപ്രദേശങ്ങളിൽ വച്ചു് അച്ചടക്കലംഘനം നടത്തിയ ഒരു വിഭാഗത്തിൻറെ കാര്യം പറയുകയുണ്ടായി. ഈ ആളുകളെയും തിരിച്ചെടുക്കാൻ കല്പനയായിട്ടുണ്ടോ ; ഈ 237 പേരിൽ ഇവരും പെടുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : എസ്. എ. പി. സെക്കൻഡു് ബറാലിയനിലുള്ള കുറെ ആളുകളുണ്ടു്. അവരുടെ കാര്യം തീരുമാനിക്കപ്പെട്ടിട്ടില്ല.

ശ്രീ. ബി. മാധവൻനായർ : എസ്. എ. പി. ക്കാരുടെ കൂട്ടത്തിൽ പുറത്തായ സബു് ഇൻസ്പെക്ടർമാരെ പോലീസു് ഡിപ്പാർട്ടുമെൻറിൽ അബുസോർബു് ചെയ്യുന്ന കാര്യം ഗവണ്മെൻറു പൂർത്തിയാക്കിയിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ : പ്രത്യേകമായി ചോദ്യം ചോദിക്കണം.

ശ്രീ. കെ. കരുണാകരൻ : അവരുടെ പേരിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളും നിഷ്പക്ഷമായി അന്വേഷിച്ചു് തീരുമാനിക്കാൻ എന്തെങ്കിലും ഏർപ്പാടു ചെയ്യാൻ ഗവണ്മെൻറു സന്നദ്ധമാകുമോ ? അതായതു് ഡിപ്പാർട്ടുമെൻറലായിട്ടുള്ള നടപടികളല്ലാതെ അവർക്കു് തെളിവു നൽകുന്നതിനും അതനുസരിച്ചു് തീരുമാനമെടുക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : എല്ലാ നടപടികളും നിഷ്പക്ഷമായിത്തന്നെയാണു് സ്വീകരിക്കുക; അല്ലാതെയൊന്നുമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ഈ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവർ തന്നെ തെറ്റു ചെയ്യ എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മാപ്പെഴുതിത്തരുകയും അതിന്റെ അടിസ്ഥാനത്തിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യ. പോലീസ് ഡിപ്പാർട്ടുമെന്റിൽ മാത്രം ഇവരെ എടുക്കാൻ കഴിയുകയില്ലെന്നുള്ളതു കൊണ്ടു് മറ്റുള്ള ഡിപ്പാർട്ടുമെന്റുകളിൽക്കൂടി അബ്സോർബ് ചെയ്യുന്ന കാര്യം ഗവണ്മെന്റു് ആലോചിക്കുകയും അതനുസരിച്ചു് നടപടികളെടുക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു് : എഗ്രിമെന്റു് അനുസരിച്ചു് പുനർനിയമനം നടത്തുന്നവരുടെ പൂവ്വകാലസർവ്വീസ്കൂടി പരിഗണിക്കാമെന്നു് വാഗ്ദാനം ചെയ്തിരുന്നു എന്നറിയുന്നു. അതനുസരിച്ചു് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ചെയ്യാൻ വേണ്ടി കർക്കശമായ തത്വദീക്ഷ പാലിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : അതെന്താണെന്നു പരിശോധിക്കാം.

ശ്രീ. കെ. എ. ശിവരാമഭാരതി : ഡിസിപ്ലിനറി ആക്ഷൻ എന്നേയ്ക്കു പൂർത്തിയാകുമെന്നുള്ളതിനെ സംബന്ധിച്ചു് വ്യക്തമായ ഒരു സമയക്ലിപ്പു പറയാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : നിയമനത്തിന്റെ കാര്യത്തിലാണെങ്കിൽ ആവശ്യമായ ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ടു്. ഇനി അതാതു ഡിപ്പാർട്ടുമെന്റുകാരും അവരെ സർവ്വീസിലെടുത്താൽ മതി.

ശ്രീ. കെ. കരുണാകരൻ : മാപ്പെഴുതി കൊടുത്ത ആളുകളെയാണു് മറ്റു ഡിപ്പാർട്ടുമെന്റുകളിൽ എടുക്കാമെന്നു സമ്മതിച്ചതും മാപ്പെഴുതി കൊടുക്കാത്ത ഒരു വിഭാഗം ആളുകളുടെ പേരിലാണു് ഡിസിപ്ലിനറി പ്രൊസീഡിംഗ്സ് തുടരുന്നതും. നിർബന്ധിപ്പിച്ചു കുറ്റം സമ്മതിച്ചു് മാപ്പെഴുതി വാങ്ങിച്ചതാണെന്നുള്ള ആരോപണത്തെപ്പറ്റി അന്വേഷിക്കാൻ തയ്യാറാകുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : കുറ്റം സമ്മതിപ്പിച്ചു് മാപ്പെഴുതി വാങ്ങിച്ചു എന്നു പറയുന്നതു് ശരിയല്ല. അവർ തന്നെ കുറ്റം സമ്മതിച്ചു് മാപ്പെഴുതിത്തന്നാൽ അതു് കുറ്റം സമ്മതിപ്പിക്കൽ ആകുകയില്ല.

ശ്രീ. കെ. കരുണാകരൻ : കുറ്റം സമ്മതിച്ചാൽ നിയമനം നൽകാമെന്നു പറഞ്ഞു് എഴുതി വാങ്ങിച്ചിട്ടുള്ളതായാണു് ആരോപണം.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : സർ, ഇതൊന്നും ശരിയായിട്ടുള്ള കാര്യങ്ങളല്ല. അവർ തന്നെ ഗവണ്മെന്റിന്റെ അടുത്തു വരികയും അറിയാതെ ചില പ്രേരണകളുടെ പേരിൽ ചെയ്തിട്ടുള്ളതാണെന്നു സമ്മതിക്കുകയുണ്ടായി. കുറ്റം ഗവണ്മെന്റു ക്ഷമിക്കണമെന്നു പറഞ്ഞു് എഴുതിത്തരികയാണു ചെയ്തിട്ടുള്ളതു്. അതിനുശേഷം ഗവണ്മെന്റു് ആലോചിക്കുകയും പല പ്രേരണയുടെ പേരിലായതുകൊണ്ടും അതും തീരെ ചെറിയ ഉദ്യോഗസ്ഥന്മാരായതുകൊണ്ടും അവരുടെ കാര്യത്തിൽ പരിഗണിക്കാമെന്നു ഉറപ്പു് കൊടുക്കുകയും ചെയ്തിരിക്കുകയാണു്. പോലീസ് ഡിപ്പാർട്ടുമെന്റിൽ അബ്സോർബ് ചെയ്യാത്ത ആളുകളെ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ എടുക്കുന്നതിനാവശ്യമായ നടപടികളെടുക്കുന്നതാണു്. ഡിസിപ്ലിനറി ആക്ഷന്റെ കാര്യമാണെങ്കിൽ പോലീസ് നിയമപ്രകാരമുള്ള നടപടികളാണു് നടത്തിക്കൊണ്ടിരിക്കുന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ : ഇതുവരെ നിയമനം ലഭിക്കാത്ത ഇൻസ്പെക്ടർമാരുടെ കാര്യത്തിൽ എന്തു ചെയ്യാനാണു് ഗവണ്മെന്റുദ്ദേശിക്കുന്നതു് ?

ശ്രീ. എം. കെ. കൃഷ്ണൻ : ഇൻസ്പെക്ടർമാരുടെ കാര്യം പ്രത്യേകമായി ചോദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ശേഷൻ : കഴിഞ്ഞ നിയമസഭാസമ്മേളന കാലത്തു തന്നെ പറയുകയുണ്ടായി ഏതാനും ആളുകളെ പോലീസ് സേനയിലേക്കു റിക്രൂട്ട ചെയ്യാൻ പോകുന്നുവെന്നു്. അതിനു മുൻപു തന്നെ ഈ പ്രശ്നം നിലവിലുണ്ടു്. ഇവിടെ പോലീസ് സേനയിലേക്കു റിക്രൂട്ട ചെയ്യുന്ന കാലത്തു് പരിശീലനം നേടിയ ഈ പോലീസ്കാരെ എടുക്കുന്ന കാര്യത്തിൽ മുൻഗണന കൊടുക്കാത്തതു് എന്തു കൊണ്ടാണു് ?

ശ്രീ. എം. കെ. കൃഷ്ണൻ : ഇപ്പോഴം പ്രശ്നം അവസാനിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി പ്രശ്നമൊന്നുമില്ല.

ശ്രീ. ബി. മാധവൻ നായർ : ലാസ്റു് ഗ്രേഡ് സർവൻറ്സ് ആയിട്ടു വേക്കൻസിയുണ്ടാകുമ്പോഴം 50 ശതമാനം ഇവരെ നിയമിക്കണമെന്നു് ഓർഡർ കൊടുത്തിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഈ 50 ശതമാനം പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണോ വരേണ്ടതു്അതോ ഡിപ്പാർട്ടുമെൻറു അദ്ധ്യക്ഷന്മാർ ഒഴിവുകഴം അനുസരിച്ചു നിയമിക്കുകയാണോ ചെയ്യുന്നതു് ?

ശ്രീ. എം. കെ. കൃഷ്ണൻ : ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിൽ ഒഴിവുകളുണ്ടെന്നു് ഗവണ്മെൻറു് സ്റേറററുമെൻറു വാങ്ങി 50 ശതമാനം വച്ചു് അവരെ നിയമിക്കണമെന്നു് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടു്. അതു പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻറെ പ്രത്യേക അഡ്വൈസ് വാങ്ങിക്കേണ്ട ആവശ്യമില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്ബു് : കുറ്റം സമ്മതിച്ചു് ക്ഷമാപണം ചെയ്തിട്ടുള്ളതുകൊണ്ടു് അവരെ തിരിച്ചെടുക്കാനും വേറെ ഉദ്യോഗം കൊടുക്കാനും തീരുമാനിച്ചു എന്നു പറയുകയുണ്ടായി. അതുപോലെ തന്നെ പോലീസ് ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗത്തിൽ വന്നതിനുശേഷം രാഷ്ട്രീയ പരിഗണന വച്ചുകൊണ്ടു് ആരെയെങ്കിലും ഡിസ്മിസ് ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ ക്ഷമാപണം സ്വീകരിച്ചു് അവരെയും തിരിച്ചെടുക്കാൻ ഗവണ്മെൻറു് തയ്യാറാകുമോ ?

ശ്രീമതി കെ. ആർ ഗൗരി : ആദ്യം തന്നെ ഞാൻ പറയുകയുണ്ടായി അവർ വളരെ ചെറിയ ഉദ്യോഗസ്ഥന്മാരാണെന്നു്. അവർ ആത്മാർത്ഥമായി പശ്ചാത്താപം ചെയ്യുകയും ചെയ്തു. ഈ ഗവണ്മെൻറു വന്നതിനുശേഷം യാതൊരുവിധ രാഷ്ട്രീയ പരിഗണനയുടെ പേരിലും ഒരൊറ്റ ഉദ്യോഗസ്ഥനെപ്പോലും ഗവണ്മെൻറു സർവ്വീസിൽ നിന്നും മാററി നിർത്തിയിട്ടില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: മറ്റുള്ള വിഭാഗത്തിൽ പെട്ടവരേയും രാഷ്ട്രീയ പരിഗണന വച്ചുകൊണ്ടു് ഡിസ്മിസ് ചെയ്തിട്ടുണ്ടെന്നുള്ളതിൻെറ ശരിയായ വിവരം തന്നാൽ, അങ്ങനെയുള്ളവർ ആ കുറ്റം സമ്മതിക്കുകയും ക്ഷമാപണം ചെയ്യുകയും ചെയ്താൽ അവരേയും തിരിച്ചെടുക്കാൻ തയ്യാറാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ ചെയ്യുകയെന്നു പറഞ്ഞാൽ മന്ത്രി അറിഞ്ഞിട്ടു വേണം ചെയ്യാൻ. അങ്ങനെ ഉണ്ടായിട്ടില്ല. ഞാൻ സഭയ്ക്കു് ഉറപ്പു പറയുകയാണു് രാഷ്ട്രീയപരിഗണനവെച്ചുകൊണ്ടു് ആരുടെയെങ്കിലും പേരിൽ നടപടിയെടുക്കുകയെന്നുള്ളതു് ഈ ഗവണ്മെൻറിൻെറ നയമല്ല.

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: രാഷ്ട്രീയ പരിഗണനയെന്നു.....

മി. സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. എൻ. കെ. ശേഷൻ: ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രി പറഞ്ഞതു് ഇപ്പോഴം ആ പ്രശ്നം പരിഹരിച്ചു കഴിഞ്ഞു എന്നാണു്. എൻെറ ചോദ്യം അതല്ല. ഇവരെ ലാസ്റ്റ്ഗ്രേഡ് സർവ്വീസിലേക്കു് എടുക്കുന്നതിനു പകരം പോലീസ് സേനയിലേക്കു് റിക്രൂട്ടുമെൻറു നടന്നപ്പോഴം പോലീസ് സേനയിലേക്കു തന്നെ എടുക്കാതിരുന്നതെന്തുകൊണ്ടാണു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: പോലീസിൽ എടുക്കാൻ കഴിയാത്തതു കൊണ്ടാണു് ലാസ്റ്റു് ഗ്രേഡിൽ എടുക്കാൻ തീരുമാനിച്ചതു്.

ശ്രീ. എസ്. ദാമോദരൻ: രാഷ്ട്രീയ പരിഗണനവച്ചുകൊണ്ടു് 1967-നു മുമ്പു് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുത്തിട്ടുണ്ടെങ്കിൽ അവരുടെ കാര്യം പുനഃപരിശോധിച്ചു് തിരിച്ചെടുക്കാൻ തയ്യാറാകുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: 1967 മാർച്ചു് 6-നു ശേഷം രാഷ്ട്രീയ പരിഗണന വച്ചുകൊണ്ടു് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ നടപടി നടത്തിയിട്ടുണ്ടെങ്കിൽ അതു പുനഃപരിശോധന ചെയ്യാൻ തയ്യാറാണു്.

ശ്രീ. എസ്. ദാമോദരൻ: 1967-നു മുമ്പു് നടപടിയെടുത്തിട്ടുള്ളവരുടെ കാര്യമാണു് ഞാൻ ചോദിച്ചതു് ?

ശ്രീ. എം. കെ. കൃഷ്ണൻ: മുമ്പുള്ളതു് ഇപ്പോഴത്തെ ഗവണ്മെന്റു് പരിഗണിച്ചു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ബഹുമാനപ്പെട്ട മന്ത്രി എസ്. എ. പി. ക്കാരുടെ കാര്യത്തെപ്പറ്റി പറഞ്ഞു് കഴിഞ്ഞ അസംബ്ലി സമ്മേളനത്തിനു മുമ്പു് സെക്രട്ടേറിയറ്റിനകത്തു കയറി അവർ പ്രകടനം നടത്തി. അതു് ആരുടെ പ്രേരണകൊണ്ടാണെങ്കിലും അങ്ങനെയുള്ളവരും തിരിച്ചെടുക്കപ്പെട്ടവരുടെ കൂട്ടത്തിലുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ: അവരും പെടും.

വനംവകുപ്പിൽ നിന്നും ഭൂമി

* 196 [713] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകൾ തുടങ്ങുന്ന വകയ്ക്കായി വനംവകുപ്പിന്റെ കൈവശമുള്ള ഭൂമി കൊടുക്കണമെന്നു കാണിച്ചു് എന്തെങ്കിലും നിവേദനങ്ങൾ ഒരു മാസത്തിനിടക്കു് സർക്കാരിനു് ലഭിച്ചിട്ടുണ്ടോ ;

(ബി) നാഷണൽ എഡ്യൂക്കേഷൻ സൊസൈറ്റി നെടുമങ്ങാടു് ഒരു കോളേജു് സ്ഥാപിക്കാനായി സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയാണെന്നും എത്ര ഏക്കർ ആവശ്യപ്പെട്ടെന്നും ഇതിന്മേൽ എന്തു നടപടികളാണു് സ്വീകരിച്ചെന്നും വ്യക്തമാക്കുമോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) നാഷണൽ എഡ്യൂക്കേഷൻ സൊസൈറ്റി, നെടുമങ്ങാടു് 12-9-69 ൽ ഒരു നിവേദനം തന്നിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) നെടുമങ്ങാടു് വില്ലേജിൽ സർവ്വേ നമ്പർ 451-ൽ നിന്നും 50 ഏക്കർ വനഭൂമി ആവശ്യപ്പെട്ടിട്ടുണ്ടു്. അതു് ഗവണ്മെന്റു് പരിഗണിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: അതു് എന്നത്തേയ്ക്കു് കൊടുക്കുമെന്നു പറയാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: എപ്പോൾ കൊടുക്കാൻ കഴിയുമെന്നു പറയാൻ പറ്റുകയില്ല, പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly